**A** **502**

# സമഗ്ര ശിക്ഷാ, കേരളം

## പാദവാർഷിക മൂല്യനിർണയം 2019–20

## മലയാളം

ക്ലാസ് : 5 **കേരളപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. **താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.**

---

**പ്രവർത്തനം 1 – വായിക്കാം എഴുതാം**

താഴെ തന്നിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

**മധുരം മലയാളം**

മധുരം മലയാളം – നമ്മുടെ
ഹൃദയം മലയാളം.
മണ്ണിൻ ഗന്ധം മലയാളം
പുഴയുടെ താളം മലയാളം

കിളുന്നുചുണ്ടുകളാദ്യമോതി
അമ്മ മലയാളം
സ്നേഹത്തിൻ പുതുനാമ്പുകളായി
നമ്മുടെ മലയാളം.

കാറ്റിലാടും തെങ്ങോലകളുടെ
താളം മലയാളം
കാട്ടാറിന്റെ കളകളനാദം
നമ്മുടെ മലയാളം

വയലേലകളുടെ വിയർപ്പുഗന്ധം
നമ്മുടെ മലയാളം
പണിശാലകളിലെ നെടുവീർപ്പിന്റെ
താളം മലയാളം – മധുരം മലയാളം

സി.ഇ. രവീന്ദ്രൻ

1. 'വയലേലകളുടെ വിയർപ്പുഗന്ധം നമ്മുടെ മലയാളം' എന്ന വരിയിൽ പ്രകടമാകുന്നത്.

എ). ഭാഷയും പ്രകൃതിയുമായുള്ള ബന്ധം
ബി). ഭാഷയും അധ്വാനവും തമ്മിലുള്ള ബന്ധം
സി). ഭാഷയും വയലും തമ്മിലുള്ള ബന്ധം

2. മലയാളം നമ്മുടെ ജീവനാണ് എന്നു സൂചിപ്പിക്കാൻ കവി ഉപയോഗിച്ച വാക്കേത്?

എ) ഹൃദയം ബി) പുഴ സി) മണ്ണ്

3. 'കാട്ടാറിന്റെ കളകളനാദം നമ്മുടെ മലയാളം' എന്ന വരികൊണ്ട് ഉദ്ദേശിക്കുന്നത്.

എ) മലയാള ഭാഷ കാട്ടിലാണ് ജനിച്ചത്.
ബി) മലയാള കവിതകൾ കൂടുതലും കാട്ടാറുകളെക്കുറിച്ചാണ്.
സി) മലയാള ഭാഷ പുഴയൊഴുകുംപോലെ സംഗീതാത്മകമാണ്.

4. 'കിളുന്നു ചുണ്ടുകളാദ്യമോതി അമ്മ മലയാളം' എന്ന വരി നമ്മോട് പറയുന്നത്.


എ) കുട്ടി ആദ്യം പറഞ്ഞത് അമ്മ എന്ന വാക്കാണ്.
ബി) മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച്.
സി) കുട്ടികൾ മാത്രമാണ് അമ്മയെക്കുറിച്ച് സംസാരിക്കുന്നത്.


5. ജോലി ചെയ്യുന്ന സ്ഥലം എന്നതുമായി ബന്ധമില്ലാത്ത പദം ഏതാണ്?

എ) നെടുവീർപ്പ് ബി) പണിശാല സി) വയലേല

## പ്രവർത്തനം –2 <u>വിവരണം തയാറാക്കുക</u>

'പാത്തുമ്മയുടെ ആട്' എന്ന നോവലിലെ ഒരു ഭാഗം നമ്മൾ നന്നായി ആസ്വദിച്ചില്ലേ? കുടുംബത്തിലെ ഒരു അംഗത്തെപ്പോലെ വളരുന്ന ആടും വീട്ടുകാരൊന്നിച്ച് കുളത്തിൽപ്പോയി നടത്തുന്ന കുളിയും എല്ലാം നമുക്ക് മുന്നിൽ നാടിന്റെ ഒരു ചിത്രം വരച്ചു കാണിക്കുന്നു. സ്കൂൾ സാഹിത്യവേദി പ്രസിദ്ധീകരിക്കുന്ന 'നാട്ടുപച്ച' എന്ന പതിപ്പിൽ ഉൾപ്പെടുത്താനായി താഴെ തന്നിരിക്കുന്ന സൂചനകളുപയോഗിച്ച് നിങ്ങളുടെ നാടിനെക്കുറിച്ച് ഒരു വിവരണം തയാറാക്കൂ.



**പ്രവർത്തനം -3 വിശകലനക്കുറിപ്പ്**

മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി
ഒളിച്ചിരുന്നു പുഴവെള്ളം
ഒലിച്ചകാലം മറന്ന കടവിൽ
തപസ്സിരുന്നു കളിവള്ളം.

കിഴക്കുമാമല മുടിയാട്ടത്തിനു
വരുന്നതില്ലാ കരിമേഘം
മഴയ്ക്കു തോറ്റംപാടും തവളകൾ
കരഞ്ഞുമില്ലാ കലികാലം

പി. പി. രാമചന്ദ്രന്റെ 'മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി' എന്ന കവിതയിലെ വരികളാണ് മുകളിൽ ചേർത്തിരിക്കുന്നത്. വേനലിന്റെ കാഠിന്യത്തെ സൂചിപ്പിക്കുന്ന പുഴവെള്ളം ഒളിച്ചിരുന്നു, കളിവള്ളം തപസ്സിരുന്നു തുടങ്ങിയ പ്രയോഗങ്ങൾ കവിതയ്ക്ക് പ്രത്യേക ഭംഗി നൽകുന്നുണ്ട്. പ്രകൃതിയുടെ ഇന്നത്തെ അവസ്ഥ കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം -4 കുറിപ്പ് തയാറാക്കുക.**

മനുഷ്യൻ നടത്തിയ ഇടപെടലുകളാണ് ഭൂമിയെ ആകെ മാറ്റി മറിച്ചത്. മണിമാളികകളും കൃഷിയിടങ്ങളും, കലാരൂപങ്ങളും, സംഗീതവും, നൃത്തവുമെല്ലാം മനുഷ്യന്റെ അധ്വാനത്തിന്റെ ഫലമായുണ്ടായതാണ്. ഭൂമിയെ വലം വയ്ക്കുന്നതിനിടയിൽ ഇതെല്ലാം കാണാനിടയായ ചന്ദ്രക്കല മനുഷ്യനെ അഭിനന്ദിച്ചുകൊണ്ടെഴുതിയ ഒരു കുറിപ്പ് എങ്ങനെയായിരിക്കും? തയാറാക്കൂ.

**പ്രവർത്തനം -5 ജീവചരിത്രക്കുറിപ്പ്**

തോലനൂർ ഗവ. ഹൈസ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഈ വർഷത്തെ പ്രവർത്തനം മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛനെ അനുസ്മരിച്ചുകൊണ്ടാണ് ആരംഭിച്ചത്. ചിറ്റൂരിനടുത്തുള്ള ശോകനാശിനിപ്പുഴയുടെ തീരത്താണ് അദ്ദേഹം തന്റെ കാവ്യജീവിതത്തിലെ വലിയൊരുഭാഗം കഴിച്ചുകൂട്ടിയതെന്ന് ഗോപിക അഭിപ്രായപ്പെട്ടു. നന്ദു പറഞ്ഞത് എഴുത്തച്ഛന്റെ ജന്മസ്ഥലമായ മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള തുഞ്ചൻപറമ്പ് സന്ദർശിച്ചതിനെകുറിച്ചായിരുന്നു. എഴുത്തച്ഛന്റെ പ്രധാന കൃതികളായ അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഹരിനാമകീർത്തനം എന്നീ കൃതികളെ പരിചയപ്പെടുത്തിക്കൊണ്ടാണ് ബിനു സംസാരിച്ചത്. എഴുത്തച്ഛൻ 'കിളിപ്പാട്ട്' എന്നൊരു പ്രസ്ഥാനം മലയാളത്തിൽ ആരംഭിച്ചുവെന്നും മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളുടെ മനോഹരമായ സമ്മേളനം അവിടെ കാണാമെന്നും ഫാത്തിമ അഭിപ്രായപ്പെട്ടു. മലയാള സാഹിത്യത്തിൽ ഭക്തിപ്രസ്ഥാനത്തിന് തുടക്കം കുറിച്ച എഴുത്തച്ഛൻ 15-ാം നൂറ്റാണ്ടിന്റെ അവസാനമൊ 16-ാം നൂറ്റാണ്ടിന്റെ ആദ്യമൊ ആവാം ജീവിച്ചിരുന്നതെന്ന് മലയാളം അധ്യാപകൻ അഭിപ്രായപ്പെട്ടു.

- തുഞ്ചത്തെഴുത്തച്ഛനെക്കുറിച്ചുള്ള പ്രധാനപ്പെട്ട ചില വസ്തുതകൾ ഈ റിപ്പോർട്ടിൽ നിന്നും കണ്ടെത്തിയല്ലോ? നിങ്ങൾക്കറിയാവുന്ന മറ്റുകാര്യങ്ങളും ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛന്റെ ഒരു ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം -6 കഥാപാത്രനിരൂപണം

### മനുഷ്യൻ എന്ന സഹജീവി

ഞാനൊരു പരിസ്ഥിതി പ്രവർത്തകനാണ്. വല്ലാത്ത ജന്തു സ്നേഹിയാണ്. ഇന്നത്തെ എന്റെ പകൽ എനിക്ക് വല്ലാത്ത തിരക്കായിരുന്നു. പരിസ്ഥിതി മലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയും കണ്ടൽക്കാടുകൾ നശിപ്പിക്കുന്നതിനെതിരെയും ഞാൻ രണ്ട് ക്ലാസുകൾ എടുത്തു. സർക്കസിൽ മൃഗങ്ങളെ ഉപയോഗിച്ച് അഭ്യാസങ്ങൾ കാണിക്കുന്നതിനെതിരെ ഞാനൊരു മാർച്ചിൽ പങ്കെടുത്തു. വഴിവക്കിൽ ക്രൂരമായി മർദിക്കപ്പെടുന്ന തെരുവുനായ്ക്കളെക്കുറിച്ച് ഒരു ലേഖനം തയാറാക്കി. വിശന്നുകിടക്കുന്ന വളർത്തുമൃഗങ്ങളെക്കുറിച്ച് ഒരു പരാതി ഞാൻ സർക്കാരിനയച്ചു കൊടുത്തു. എല്ലാം കഴിഞ്ഞ് ഞാൻ വീട്ടിലെത്തിയപ്പോൾ രാത്രിയായി. അപ്പോഴാണ് ഭാര്യ വന്നു പറയുന്നത് അയൽപക്കത്തെ കുട്ടിക്ക് എന്തോ അസുഖമായി കിടക്കുന്നു. അവനെയൊന്ന് ആശുപത്രിയിൽ കൊണ്ടുപോകാൻ സഹായിക്കാൻ. എനിക്ക് വല്ലാത്ത ദേഷ്യം വന്നുപോയി. അല്ലെങ്കിൽ നിങ്ങൾ തന്നെ പറ-എന്നെപ്പോലെ തിരക്കുള്ള ഒരു മനുഷ്യനെ ഇതുപോലുള്ള കാര്യങ്ങൾക്ക് വിളിക്കാമോ? എനിക്കെവിടുന്ന് സമയം!!!

-ബെന്യാമിൻ

കഥ വായിച്ചല്ലോ, ഭാര്യയുടെ സംസാരത്തിന് ശേഷമാണ് കഥാനായകന്റെ യഥാർത്ഥ സ്വഭാവം നമുക്കു മനസ്സിലാവുന്നത്. സമൂഹത്തിന്റെ ശ്രദ്ധകിട്ടാൻ പലതും ചെയ്യുന്ന കഥാനായകൻ അയൽവീട്ടിലെ കുട്ടിയെ സഹായിക്കേണ്ടകാര്യം പരിഗണിക്കുന്നതേയില്ല. ഈ സൂചനകളുപയോഗിച്ച് കഥാനായകന്റെ കഥാപാത്ര നിരൂപണം തയാറാക്കൂ.